9001 നേടിയതുമായ ഈ സ്ഥാപനം സ്വകാര്യവൽക്കരിക്കാൻ ആലോചിക്കുന്നതിനുള്ള കാരണമെന്താണെന്ന് വെളിപ്പെടുത്തുമോ;

(സി) എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി ഈ സ്ഥാപനത്തിന് ധനസഹായം നൽകുന്നത് സംബന്ധിച്ച എന്തെങ്കിലും നിർദ്ദേശം മുന്നോട്ടുവച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണ് നിർദ്ദേശം എന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത നിർദ്ദേശത്തെക്കുറിച്ചുള്ള സർക്കാർ നിലപാട് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി, ഡി) എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി, കെൽട്രോൺ കോമ്പണന്റ് കോംപ്ലക്സിനെപ്പറ്റി വിശദപഠനം നടത്തിയതിനുശേഷമുള്ള പുനരുദ്ധാരണ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയ്ക്കായി പ്ലാനിംഗ് ബോർഡ് വഴി സർക്കാരിന് നൽകിയിട്ടുണ്ട്. റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്. അന്തിമതീരുമാനം എടുത്തിട്ടില്ല.

മദ്രാസ് സ്പിന്നേഴ്സ് മാനേജ്മെന്റ് തുറപ്പിക്കുന്നതിന് നടപടി

36 [3441] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ 1965-ൽ രൂപംകൊണ്ട മദ്രാസ് സ്പിന്നേഴ്സ് മാനേജ്മെന്റ് അടച്ചുപൂട്ടിയത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് തുറപ്പിക്കുന്നതിനുവേണ്ടി ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) പ്രസ്തുത സ്ഥാപനം അടച്ചുപൂട്ടുവാൻ എന്താണ് കാരണം എന്ന് വ്യക്തമാക്കാമോ;

(ഡി) അടച്ചുപൂട്ടൽമൂലം എത്ര തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്;

(ഇ) ഇലക്ട്രിസിറ്റി ചാർജ് വർദ്ധനവ് ഈ വ്യവസായത്തിന്റെ അടച്ചുപൂട്ടലിന് കാരണമാണോ; എങ്കിൽ വ്യവസായ ആവശ്യത്തിനുള്ള ഇലക്ട്രിസിറ്റിയുടെ താരീഫ് വർദ്ധനവ് പുനഃപരിശോധിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ഉത്തരം

(എ, ബി) ഉണ്ട്. മദ്രാസ് സ്പിന്നേഴ്സിലെ സംയുക്ത ട്രേഡ് യൂണിയൻ ഭാരവാഹികളുടെ പരാതിയെത്തുടർന്ന് ജില്ലാ ലേബർ ഓഫീസർ, പാലക്കാട്, റീജണൽ

LIBRARY ARCHIVES Kerala Legislative Assembly

ജോയിന്റ് ലേബർ കമ്മീഷണർ, എറണാകുളം എന്നീ തലത്തിൽ ചർച്ചകൾ നടത്തിയിട്ടുണ്ട്. തുടർന്ന് തൊഴിൽ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 11-5-2003-ൽ ചർച്ചകൾ നടത്തുകയുണ്ടായി. അനുരഞ്ജന ചർച്ചകൾ തുടർന്നും നടത്തുന്നതാണ്. ഈ വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) സാമ്പത്തിക പ്രതിസന്ധി മൂലമാണ് സ്ഥാപനം പ്രവർത്തനരഹിതമായത്.

(ഡി) 475 സ്ഥിരം തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്.

(ഇ) ഇലക്ട്രിസിറ്റി പ്രശ്നം മാനേജ്മെന്റ് ഉന്നയിച്ചിട്ടില്ല.

തഴക്കര പഞ്ചായത്തിലെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് വിപുലപ്പെടുത്തുന്നതിന് നടപടി

37 [3442] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം നിയോജകമണ്ഡലത്തിലെ ആലപ്പുഴ ജില്ലയിൽപ്പെട്ട തഴക്കര പഞ്ചായത്തിലെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കൂടുതൽ വ്യവസായ സംരംഭകരെ ഉൾപ്പെടുത്തി വിപുലപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ പശ്ചാത്തലസൗകര്യങ്ങൾ എല്ലാം ഉപയോഗപ്പെടുത്തിയാൽ കൂടുതൽ തൊഴിലവസരങ്ങൾ നൽകാൻ കഴിയുമോ; എങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സ്വീകരിച്ചു വരുന്നു. ഷെഡ്ഡിനും സ്ഥലത്തിനും അപേക്ഷ ലഭിച്ച മുറയ്ക്ക് വ്യവസായ സംരംഭകർക്ക് അലോട്ട്മെന്റ് നൽകിക്കൊണ്ടിരിക്കുന്നു.

(ബി) ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ മിച്ചമുള്ള സ്ഥലത്തുകൂടി വ്യവസായം ആരംഭിക്കാൻ സംരംഭകർ മുന്നോട്ടു വന്നാൽ അവർക്ക് ആവശ്യാനുസരണം സ്ഥലം നൽകി കൂടുതൽ തൊഴിലവസരങ്ങൾ നൽകാൻ സാധിക്കും.

കരിങ്കൽ ചല്ലി ഉൽപ്പാദിപ്പിക്കുന്ന ക്രഷർ വ്യവസായ യൂണിറ്റുകൾ

38 [3443] ശ്രീ. യു. സി. രാമൻ:
„ കെ. കുട്ടി അഹമ്മദ് കുട്ടി:
„ ടി. പി. എം. സാഹിർ
„ പി. കെ. കെ. ബാവ:
„ ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly